യോഹ. 14:15-20, 25 -26

**2024 ജൂൺ 30**

## വചനഭാഷ്യം

**ഫാ. ജോസ് പാര്യത്തറ**

# സഹായകനായ പരിശുദ്ധാത്മാവ്

യോഹന്നാന്റെ സുവിശേഷം അടയാളങ്ങളുടെ (അത്ഭുതങ്ങളുടെ) പുസ്തകമെന്നാണ് അറിയപ്പെടുന്നത്. സുവിശേഷത്തിന്റെ ആദ്യഭാഗത്ത് (1:19-12:50) ഏഴ് അടയാളങ്ങൾ (അത്ഭുതങ്ങൾ) സുവിശേഷകൻ രേഖപ്പെടുത്തുന്നു. രണ്ടാം ഭാഗത്ത് (13-17) അന്ത്യ അത്താഴവും പാദക്ഷാളനവും യേശു നടത്തുന്ന ദീർഘമായ ഊട്ടുശാല പ്രഭാഷണവുമാണ് വിവരിക്കുന്നത്. പതിമൂന്നാം അധ്യായത്തിൽ യേശു ശിഷ്യരുടെ പാദങ്ങൾ കഴുകി സ്നേഹത്തിന്റെ പുത്തൻ പ്രമാണം നല്കിയതിനു ശേഷം ശിഷ്യസമൂഹത്തോടുള്ള തന്റെ വിടവാങ്ങലും അയയ്ക്കപ്പെടാനിരിക്കുന്ന സഹായകനായ പരിശുദ്ധാത്മാവിന്റെ (Parakleta) പ്രത്യേകതകളുമാണ് പ്രമേയം (അ. 14).

ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേയ്ക്കും നിങ്ങളോടു കൂടെയായിരിക്കാൻ ''മറ്റൊരു'' സഹായകനെ അവിടുന്നു നിങ്ങൾക്കു നല്കുകയും ചെയ്യും! ഗ്രീക്കു ഭാഷയിൽ ''മറ്റൊരു'' എന്ന മലയാള പദത്തിനു രണ്ടു വാക്കുകളാണ് ഉപയോഗിക്കുന്നത് - Heteros & Allos. Heteros എന്നാൽ another of different kind. എന്നാൽ Allos എന്ന പദത്തിനു another of samekind, ഇന്നത്തെ സുവിശേഷ ഭാഗത്ത് Allon Parakleton എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തോടുള്ള സമാനതയുള്ള പരിശുദ്ധാത്മാവ് - ദൈവം തന്നെയായ പരിശുദ്ധാത്മാവ് എന്നർത്ഥം. Parakletos എന്ന വാക്കിനു സഹായകൻ, Advocate, Comforter, Counselor എന്നൊക്കെയാണ് അർത്ഥം. സുവിശേഷങ്ങളിൽ Parakletos എന്ന പദം അഞ്ചു പ്രാവശ്യമാണ് ഉപയോഗിച്ചിരിക്കുന്നത് (യോഹ. 14:16, 26, 15:26, 16:7, 1 യോഹ. 2:1). യോഹന്നാന്റെ ലേഖനത്തിൽ യേശുവിനെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത് - പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മധ്യസ്ഥനുണ്ട് - നീതിമാനായ യേശുക്രിസ്തു (1 യോഹ. 2:1). ഒരുവനെ സഹായത്തിനായി തന്റെ അടുക്കലേക്കു വിളിക്കുന്ന പ്രക്രിയയ്ക്കാണ് Parakaleo എന്ന ഗ്രീക്കു പദം ഉപയോഗിക്കുന്നത്. നൈയാമിക അർത്ഥത്തിൽ കോടതിമുറിയിൽ (വിചാരണവേളയിൽ) ലഭിക്കുന്ന സഹായം എന്നർത്ഥം. Paraklete / സഹായകൻ വരുന്നത് യേശുവിനെ സാക്ഷ്യപ്പെടുത്താനാണ്. അതോടൊപ്പം യേശു പഠിപ്പിച്ച കാര്യങ്ങൾ ഓർമ്മപ്പെടുത്താനുമാണ് (യോഹ. 14:26).

എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത് (യോഹ. 14:21). ഒരുവൻ യേശുവിനെ സ്നേഹിക്കുന്നത് അവിടുത്തെ കല്പനകൾ പാലിച്ചുകൊണ്ടാണ്. യോഹന്നാൻ നാലു പ്രാവശ്യമാണ് entole (commandments), (commands) entellomai എന്നീ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത്. ദൈവകല്പനകളിൽ നിന്നും വ്യത്യസ്തമായിട്ടാണ് യോഹന്നാൻ entole ഉപയോഗിക്കുന്നത് - യേശുവിന്റെ സമഗ്രമായ ജീവിതം, വാക്കുകൾ, പ്രവൃത്തികൾ എല്ലാറ്റിലുമുപരി സ്നേഹപ്രമാണം. സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നത് ഉപരിപ്ലവമായിട്ടല്ല പകരം ആഴമായി ഹൃദയത്തിൽ സ്വാംശീകരിച്ചു ജീവിതത്തിൽ പ്രായോഗികമാക്കുന്ന പ്രക്രിയയാണിത്. മാനുഷികമായ രീതിയിൽ സാധ്യമല്ലാത്ത ഈ പ്രക്രിയ സാധ്യമാക്കുന്നയാളാണ് സഹായകനായ പരിശുദ്ധാത്മാവ്.

പഴയനിയമത്തിൽ ജറെമിയ, എസക്കിയേൽ (31:31-34; 36:27) പ്രവചനങ്ങളുടെ പൂർത്തീകരണം കൂടിയാണത്. ആ ദിവസം യേശു (മഹത്വീകരിക്കപ്പെട്ടു കഴിയുമ്പോൾ) വരുമ്പോൾ; ഞാൻ എന്റെ നിയമം അവരുടെയുള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ അവ എഴുതപ്പെടും. ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും (31:34). എന്റെ ആത്മാവിനെ ഞാൻ ഹൃദയങ്ങളിൽ നിവേശിപ്പിക്കും. നിങ്ങളെ എന്റെ കല്പനകൾ കാക്കുന്നവരും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരുമാക്കും (36:27).

യേശുവിന്റെ ശാരീരിക തിരോധാനം ശിഷ്യരിൽ ദുഃഖമുളവാക്കുന്നു (14:1). എന്നാൽ അവിടുന്ന് അവരെ ആശ്വസിപ്പിക്കുന്നത് പിതാവിന്റെ വലിയ വാഗ്ദാനം നല്കിക്കൊണ്ടാണ്. യേശു ശിഷ്യന്മാരിൽ നിന്ന് ഒരു ഉപാധിയെ ആവശ്യപ്പെടുന്നുള്ളൂ. അവിടുത്തെ കല്പനകൾ പാലിച്ചു ജീവിച്ചാൽ ഞാനും എന്റെ പിതാവും അവരെ സ്നേഹിക്കുകയും ഞാൻ അവർക്ക് എന്നെ വെളിപ്പെടുത്തുകയും ചെയ്യും. കാരണം,

യേശു ജീവിച്ചത് പിതാവിലും പരിശുദ്ധാത്മാവിലുമാണ്. അതുപോലെ സനേഹത്തിന്റെ പ്രമാണങ്ങൾ പാലിക്കുന്നവരിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും വസിക്കുകയും അവർ ജീവിക്കുന്ന ദൈവത്തിന്റെ ആലയമായി രൂപാന്തരപ്പെടുകയും ചെയ്യും!! F